(ബി-ഡി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണംപുറം കോളനിയെ മാത്രമാണ് തെരഞ്ഞെടുത്തിരുന്നത്. വീട് മെയിന്റനൻസ്, ഇന്റർലോക്ക്, റോഡ് ടാറിംഗ്, സൈഡ് കെട്ട്, സോളാർ ലാമ്പ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) നിർവ്വഹണ ഏജൻസിയായിട്ടുള്ള പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 40,55,393 രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം* ചെയ്യുന്നു.

വനാവകാശ സമിതി

49(794) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ സമിതികളുടെ ചുമതലകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

വനാവകാശ സമിതികളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു. വനാവകാശം ഉന്നയിക്കുന്നവരിൽ നിന്ന് അതുസംബന്ധിച്ച അപേക്ഷ ലഭിക്കുവാൻ സമിതി നടപടികളെടുക്കണം. വനാവകാശത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും അനുബന്ധ രേഖകളും വനാവകാശ സമിതിയുടെ ചെയർമാനോ/സെക്രട്ടറിയോ സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകി അപേക്ഷകൾ കൈവശം വയ്ക്കണം. അപേക്ഷകൾ ചട്ടം അനുശാസിക്കും വിധമാണോ സമർപ്പിച്ചിട്ടുള്ളതെന്ന് പരിശോധിക്കണം. അപേക്ഷകനെയും വനം വകുപ്പിനെയും മുൻകൂട്ടി അറിയിച്ചതിനുശേഷം നേരിട്ടു പോയി അവരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധനകളും തെളിവെടുപ്പുകളും നടത്തണം. തെളിവെടുപ്പും സ്ഥലപരിശോധനയും ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും സാക്ഷികളുടെയും സാന്നിദ്ധ്യത്തിൽ നടത്തിയെന്ന് ഉറപ്പാക്കണം. റിപ്പോർട്ട് തയ്യാറാക്കി (പ്രസ്തുത വനഭൂമിയുടെ അതിരുകൾ നിർണ്ണയിച്ചുകൊണ്ടുള്ള ഭൂരേഖാ ചിത്രത്തോടുകൂടി) അവരുടെ കണ്ടെത്തലുകൾ അപേക്ഷകളിൽ രേഖപ്പെടുത്തി (സാമൂദായിക അവകാശത്തിനുള്ള അപേക്ഷ ഉൾപ്പെടെ) അവ ഗ്രാമസഭകളുടെ പരിഗണനയ്ക്കായി സമർപ്പിക്കണം. വനാശ്രിത ആദിമസമൂഹങ്ങളിൽപ്പെട്ടവരുടെ ആവാസമേഖലകൾ നിർണ്ണയിക്കുന്ന വേളകളിൽ അവരുടെ ഗോത്രപാരമ്പര്യ സ്ഥാപനങ്ങളുമായി ദൂരുന്നു സംവദിച്ചതിനുശേഷം മാത്രമാണ് തീരുമാനമെടുത്തതെന്ന് ഉറപ്പുവരുത്തണം. അയൽ ഗ്രാമസഭകൾ തമ്മിൽ വനാവകാശ മേഖലകളെ സംബന്ധിച്ച് അതിർത്തി തർക്കമുയരുന്നപക്ഷം ബന്ധപ്പെട്ട വനാവകാശ സമിതികൾ കൂടിയാലോചിച്ച് അതിരുകൾ നിശ്ചയിക്കുകയും തീരുമാനങ്ങളെടുക്കുകയും വേണം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനാവകാശ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഗ്രാമസഭയുടെ ആദ്യയോഗത്തിൽ തന്നെ 10-നും 15-നും ഇടയ്ക്ക് അംഗങ്ങളുള്ള വനാവകാശ നിർണ്ണയ സമിതിയെ (എഫ്.ആർ.സി.) തെരഞ്ഞെടുക്കുന്നു. എല്ലാ തട്ടിലുമുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനായി അവരവരുടെയെല്ലാം അർഹമായ പ്രാതിനിധ്യം സമിതിയിലുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പട്ടികവർഗ്ഗ മേഖലകളിലുള്ള സമിതികളിൽ മൂന്നിൽ രണ്ടെങ്കിലും പട്ടികവർഗ്ഗക്കാരായിരിക്കണം. (2012-ലെ നിയമഭേദഗതി പ്രകാരം) അതിൽ തന്നെ മൂന്നിലൊന്നെങ്കിലും അംഗങ്ങൾ സ്ത്രീകളുമായിരിക്കണം. വനാവകാശ നിർണ്ണയ സമിതി അതിന്റെ ചെയർമാനെയും സെക്രട്ടറിയെയും തീരുമാനിച്ച് സബ് ഡിവിഷണൽ സമിതിയെ അറിയിക്കേണ്ടതാണ്.

(സി) സംസ്ഥാനത്ത് നിലവിൽ എത്ര വനാവകാശ സമിതികളാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ 662 വനാവകാശ സമിതികളാണ് രൂപീകരിച്ചിട്ടുള്ളത്.

വനാവകാശനിയമം

50 (795) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം എത്ര പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ് വനഭൂമി ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം നാളിതുവരെയായി 26,600 പേർക്ക് 35,349.29 ഏക്കർ ഭൂമിക്കുള്ള കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) വനാവകാശ നിയമപ്രകാരം വനഭൂമി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

വനാവകാശ നിയമപ്രകാരം 13-12-2005 വരെ തലമുറകളായി വനത്തിനകത്ത് ജീവിച്ചുപോരുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് കൈവശാവകാശ രേഖയ്ക്ക് അർഹതയുള്ളത്. ഇതിനുള്ള തെളിവുകൾ സഹിതമുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഗ്രാമസഭ, SDLC, DLC എന്നീ കമ്മിറ്റികളുടെ അംഗീകാരത്തോടെ കൈവശരേഖ നൽകുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.